**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1879** **08-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം നിർത്തിവെച്ചത് ഏത് സാഹചര്യത്തിലാണെന്നും പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | **കിഫ്ബിയിൽ നിന്നും 24.10.2018ന് 14.84 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പയ്യന്നൂർ സ്റ്റേഡിയം നിർമ്മാണ പദ്ധതി. എസ്.പി.വി ആയ കിറ്റ്കോയുമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരനെ ഏൽപ്പിച്ച് പ്രവർത്തി ആരംഭിച്ചെങ്കിലും കോവിഡ് രണ്ടാം ഘട്ടത്തിലെ ലോക്ക്ഡൗൺ സമയമായതിനാലാണ് പ്രവർത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടത്. പ്രസ്തുത കരാറിലെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നിശ്ചിത കാലയളവിൽ പൂർത്തിയാകാത്തതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കിറ്റ്കോ പ്രവൃത്തി പൂർത്തീകരണ കാലാവധി 05.01.2023 വരെ ദീർഘിപ്പിച്ച് നൽകുകയും 22.06.2021 മുതൽ പ്രവർത്തി പുനരാരംഭിക്കുകയും ചെയ്തിരുന്നു. 28.06.2022 - ൽ ചേർന്ന മന്ത്രിതല യോഗ തീരുമാന പ്രകാരം ടി പ്രവൃത്തി 30.01.2023 നകം പൂർത്തീകരിച്ച് കൈമാറ്റം ചെയ്യുന്നതിനായി കിറ്റ്കോയ്ക്ക് അടിയന്തിര നോട്ടീസ് നൽകിയിട്ടുണ്ട്.**<br><br>**നിലവിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളാണ് നടന്നു വരുന്നത്.**<br><br>**പ്രവൃത്തിക്കായി നിശ്ചയിച്ച സ്ഥലത്തെ മണ്ണ് ചെളി കലർന്ന ബലം കുറഞ്ഞ മണ്ണ് ആയതിനാൽ സമീപത്തുള്ള റോഡിലൂടെ ഭാരമുള്ള വാഹനങ്ങൾ പോകുമ്പോൾ കുലുക്കം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടതിനാലും ഭാവിയിൽ സെറ്റിൽമെന്റ് പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി മണ്ണിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കുകയും ഇതിനായി കോഴിക്കോട്ടുള്ള NITയിലെ വിദഗ്ധരെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. മണ്ണ് പരിശോധനയിൽ കിറ്റ്കോയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച** |

| | | | |
|---|---|---|---|
| | | | കാരണമാണ് ഈ കാലതാമസമുണ്ടായത് എന്നതിന് വിശദീകരണം തേടിയിട്ടുണ്ട്. NITയുടെ റിപ്പോർട്ട് 22.11.2022നാണ് ലഭിച്ചതെന്നും ആയതിനെ അടിസ്ഥാനപ്പെടുത്തി ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡിസൈൻ പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായും ബാക്കിയുള്ള ഘടകങ്ങളുടെ റീ ഡിസൈൻ ചെയ്തു കൊണ്ടിരിക്കുന്നതായും എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിക്കുമെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡിസൈൻ കിഫ്ബിയിൽ നിന്നും എത്രയും പെട്ടെന്ന് അംഗീകാരം നേടി സാങ്കേതിക അനുമതിക്കായി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രക്രിയകൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പ്രവൃത്തി പുനരാരംഭിക്കുന്നതിന് വേണ്ട നിർദേശം എസ്.പി.വി.ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോയുടെ ഭാഗത്ത് നിന്നുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കിഫ്ബിയിൽ നിന്നും 24.10.2018ന് 14.84 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പയ്യന്നൂർ സ്റ്റേഡിയം നിർമ്മാണ പദ്ധതി. എസ്.പി.വി ആയ കിറ്റ്കോയുമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരനെ ഏൽപ്പിച്ച് പ്രവർത്തി ആരംഭിച്ചെങ്കിലും കോവിഡ് രണ്ടാം ഘട്ടത്തിലെ ലോക്ക്ഡൗൺ സമയമായതിനാലാണ് പ്രവർത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടത്. പ്രസ്തുത കരാറിലെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നിശ്ചിത കാലയളവിൽ പൂർത്തിയാകാത്തതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കിറ്റ്കോ പ്രവൃത്തി പൂർത്തീകരണ കാലാവധി 05.01.2023 വരെ ദീർഘിപ്പിച്ച് നൽകുകയും 22.06.2021 മുതൽ പ്രവർത്തി പുനരാരംഭിക്കുകയും ചെയ്തിരുന്നു. 28.06.2022 - ൽ ചേർന്ന മന്ത്രിതല യോഗ തീരുമാന പ്രകാരം ടി പ്രവൃത്തി 30.01.2023 നകം പൂർത്തീകരിച്ച് കൈമാറ്റം ചെയ്യുന്നതിനായി കിറ്റ്കോയ്ക്ക് അടിയന്തിര നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>നിലവിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളാണ് നടന്നു വരുന്നത്.<br><br>പ്രവൃത്തിക്കായി നിശ്ചയിച്ച സ്ഥലത്തെ മണ്ണ് ചെളി കലർന്ന ബലം കുറഞ്ഞ മണ്ണ് ആയതിനാൽ സമീപത്തുള്ള റോഡിലൂടെ ഭാരമുള്ള വാഹനങ്ങൾ പോകുമ്പോൾ കുലുക്കം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടതിനാലും ഭാവിയിൽ സെറ്റിൽമെന്റ് പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | **ഉണ്ടാകാതിരിക്കാൻ വേണ്ടി മണ്ണിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കുകയും ഇതിനായി കോഴിക്കോടുള്ള NITയിലെ വിദഗ്ധരെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. മണ്ണ് പരിശോധനയിൽ കിറ്റ്കോയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കാരണമാണ് ഈ കാലതാമസമുണ്ടായത് എന്നതിന് വിശദീകരണം തേടിയിട്ടുണ്ട്. NITയുടെ റിപ്പോർട്ട് 22.11.2022നാണ് ലഭിച്ചതെന്നും ആയതിനെ അടിസ്ഥാനപ്പെടുത്തി ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡിസൈൻ പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായും ബാക്കിയുള്ള ഘടകങ്ങളുടെ റീ ഡിസൈൻ ചെയ്തു കൊണ്ടിരിക്കുന്നതായും എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിക്കുമെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡിസൈൻ കിഫ്ബിയിൽ നിന്നും എത്രയും പെട്ടെന്ന് അംഗീകാരം നേടി സാങ്കേതിക അനുമതിക്കായി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രക്രിയകൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പ്രവൃത്തി പുനരാരംഭിക്കുന്നതിന് വേണ്ട നിർദേശം എസ്.പി.വി.ക്ക് നൽകിയിട്ടുണ്ട്.** |
| (സി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ എം.എൽ.എ.മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ ചേരുന്നതിനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | **കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് എം.എൽ.എ-മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അതാത് സമയങ്ങളിൽ അവലോകന യോഗങ്ങൾ ചേരാറുണ്ട്.** |

സെക്ഷൻ ഓഫീസർ